# ഭാര്യ



## ഭാര്യ

മുറുക്കിക്കഴിഞ്ഞപ്പോ–
ളൊരുതംബ്ലേറിൽ വെള്ളം
പറയാതരികത്തു
കൊണ്ടു വന്നല്ലോ ഭാര്യ

അടയ്ക്കാ ചൊരുക്കിയ
തറിയാനവൾക്കെന്തു
മിടുക്കോ മുഖം വേർത്തു
ലഹരിച്ചിരിയ്ക്കുമ്പോൾ

ഉരിയാടാതെ വായ
കഴുകി വെള്ളംമോന്തി
ഒരു പുഞ്ചിരി സമ്മാ
നിച്ചു ഞാനിരിയ്ക്കവേ

എവിടേയ്ക്കാണോ ഇന്നു
സായാഹ്ന സഞ്ചാരമെ
ന്നവധാമൊഴിഞ്ഞൊന്നു
കുതുകം കടാക്ഷിച്ചാൾ

അന്നൊരു ദിനം മുന്നം
കണ്ടു ഞാനന്നം പോലെ
മുന്നിൽ വന്നൊരു കന്നൽ
ക്കണ്ണാളിൻ തിരനോട്ടം

മിന്നിയും മാഞ്ഞും പിന്നെ
ക്കിന്നാരം പറയുന്ന
കന്യതൻ നുണക്കുഴി
ക്കവിളിൻ മുഖശ്രീയും

തണ്ടു ചാഞ്ഞലർന്നവെൺ
താമരപ്പൂപോൽ ലജ്ജ
കൊണ്ടു നമ്രമായ് കമ്ര
വദനം തുടിച്ചതും

കണ്ടു കണ്ടില്ലെന്നുള്ളൊ
രിണ്ടലുൾക്കൊള്ളുന്നേരം
തണ്ടാതെയവൾ തീർന്നു
നിന്നതിൻ ചാതുര്യവും

അരുളിച്ചെയ്തേനമ്പേ
ഷണമായ് ചിലതല്പ
മരുമപ്പെണ്ണിൻ ചുണ്ടു
വിരിച്ചൊന്നുരിയാടാൻ

ഉരചെയ്തതിനെല്ലാമുത്ത
രങ്ങളും മാത്ര
യൊരുമുപ്പതായ് തീരാ
തിരിയ്ക്കാൻ വെമ്പൽകൊണ്ടും

മന്ദ്രമന്ദമാമന
പ്പറ്റുതേടിനേൻമൗന
മന്ദഹാസവും പേറി
മണ്ടിനാൾ മിന്നൽപോലെ

എന്നന്തരംഗം കവർ
ന്നെടുത്താളയസ്കാന്ത
സന്നികർഷമാ പ്രൗഢ
ഭാവവും സൗശീല്യവും

മംഗളമുഹൂർത്തത്തിൻ
മുമ്പെന്റെ മനസ്സിന്റെ
മംഗളത്തളികയിൽ
വച്ചൊന്നു നിരീക്ഷിച്ചേൻ

കന്യയിൽ തരുണിയിൽ
കാണാകും മികവുറ്റ
സുന്ദര സുരമ്യത
യൊന്നു ചേർന്നൊരു രൂപം

ഇന്നൊരു പുരന്ധ്രിയാ
ണെങ്കിലും വാക്കിൽ നോക്കി
ലിന്നുമാരസം പകച
മാകുന്നുണ്ടെല്ലാറ്റിലും

ഭാര്യയായ് സഖിയായി
സ്സഹചാരിണിയായി
കാര്യനിർവ്വഹണത്തി
ന്നീവിധമാരുണ്ടാകും?

കദനം കാളുന്നേരം
കാവലായ് നിൽക്കും ഭാര്യ
യ്ക്കുദയം കൊള്ളും സമാ
ശ്വാസത്തിന്നേകാധാരം

വ്യധയൊന്നറിഞ്ഞാലോ
കരയും പ്രിയമക്കൾ
കഥിക്കയില്ല മക്കൾ
തൻ മനമതിലോലം

വരുന്നോ സഖിതാങ്കൾ
നടക്കാൻ നമ്മൾ രണ്ടു
മൊരുമിച്ചായാൽ പഞ്ഞം
പറയാൻ തരമായി

പുത്രിമാർ രണ്ടും കൂടെ
വരുന്നുണ്ടല്ലോ വന്നു
പത്രാസ്സുകാണിച്ചോട്ടെ
നാളെ ഞാൻ കൂടിക്കൊള്ളാം

കേട്ടമാത്രയിലാത്ത
മോദമാമക്കൾ മുഖ്യ
തീട്ടൂരം സമ്പാദിച്ച
പോൽവന്നു കൈപ്പത്തികൾ

തോളുകൾ രണ്ടും പകു
ത്തെടുത്തുവച്ചും നന്നേ
കോളുകൊണ്ടതുപോലെ
നിന്നവരൂറ്റംകൊണ്ടും